# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

## വിജ്ഞാപനം

നം. 875/അഡ്മിൻ./2014/കെഎസ്ഇആർസി(ii)

തീയതി, തിരുവനന്തപുരം 2016 ഫെബ്രുവരി 10

1191 മകരം 27

2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) 91-ാം വകുപ്പ് 181-ാം വകുപ്പുമായി കൂട്ടിവായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങളും ഇതിലേക്ക് അതിനെ പ്രാപ്തമാക്കുന്ന മറ്റെല്ലാ അധികാരങ്ങളും വിനിയോഗിച്ച് കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനു ശേഷവും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, ഇതിനാൽ താഴെപ്പറയുന്ന റഗുലേഷനുകൾ ഉണ്ടാക്കുന്നു, അതായത്:-

## 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) ഭേദഗതി റഗുലേഷനുകൾ

1. ***ചുരുക്കപ്പേരും പ്രാരംഭവും.***- (1) ഈ റഗുലേഷനുകൾക്ക് 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) ഭേദഗതി റഗുലേഷനുകൾ എന്ന് പേര് പറയാവുന്നതാണ്.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

**2. *റഗുലേഷനുകളുടെ ഭേദഗതി.***- 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകളിൽ,-

(i) 14-ാം റഗുലേഷനിൽ, നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപറഗുലേഷനായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപറഗുലേഷനു ശേഷം ഇനിപ്പറ

യുന്ന ഉപറഗുലേഷനുകൾ അതിന്റെ (2)-ാം ഉപറഗുലേഷനും (3)-ാം ഉപറഗുലേഷനുമായി ചേർക്കേണ്ടതുമാണ്,-

"(2) കമ്മീഷൻ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ നിയമനാധികാരസ്ഥാനമായിരിക്കുന്നതാണ്.

(3) ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസിലെ പ്രവൃത്തിദിനങ്ങളും പ്രവൃത്തിസമയവും, 2003-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (കാര്യനിർവ്വഹണം) റഗുലേഷനുകളിൽ വിനിർദ്ദേശിച്ചിരിക്കുന്നപ്രകാരമുള്ള, കമ്മീഷന്റേതിനു തുല്യമായിരിക്കുന്നതാണ്.";

(ii) 15-ാം റഗുലേഷനിൽ, (2)-ാം ഉപറഗുലേഷനു ശേഷം, ഇനിപ്പറയുന്ന പരിമിതിവ്യവസ്ഥ ചേർക്കേണ്ടതാണ്,-

"എന്നാൽ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനായി നിയമിക്കപ്പെടുന്ന ആൾ അയാളുടെ നിയമനകാലയളവിൽ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കാൻ പാടില്ലാത്തതും അയാൾക്ക് പുനർനിയമനത്തിന് അർഹതയില്ലാത്തതുമാണ്.";

(iii) 15-ാം റഗുലേഷനു ശേഷം ഇനിപ്പറയുന്ന റഗുലേഷൻ ചേർക്കേണ്ടതാണ്,-

"***15എ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ തിരഞ്ഞെടുപ്പ്.***- (1) ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ തിരഞ്ഞെടുപ്പിനുവേണ്ടി കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും അടങ്ങിയ ഒരു കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സൺ സെലക്ഷൻ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്.

(3) കമ്മീഷന്, സെലക്ഷൻ കമ്മിറ്റിയിൽ പുറത്തുനിന്നുള്ള വിദഗ്ദ്ധനെയോ വിദഗ്ദ്ധരെയോ ഉൾപ്പെടുത്താവുന്നതാണ്.

(4) സെലക്ഷൻ കമ്മിറ്റി, മാധ്യമങ്ങളും കമ്മീഷന്റെ വെബ്സൈറ്റും വഴി വ്യാപകമായ പ്രചാരണം നൽകിക്കൊണ്ട് വിനിർദ്ദേശിക്കപ്പെട്ട യോഗ്യതകളും പരിചയവുമുള്ള അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കേണ്ടതാണ്.

(5) സെലക്ഷൻ കമ്മിറ്റി, ഉദ്യോഗാർത്ഥികളുമായി നേരിട്ടുള്ള അഭിമുഖം നടത്തിയതിനു ശേഷം തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതും അവർക്കിടയിൽ നിന്നും ഒരാളെ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനായി നിയമിക്കുന്നതിന് തിരഞ്ഞെടുക്കേണ്ടതുമാണ്.

(6) തസ്തിക ഒഴിഞ്ഞുകഴിഞ്ഞതിനു ശേഷം നിയമനത്തിൽ അനാവശ്യമായ കാലതാമസം ഉണ്ടാകാതിരിക്കാൻ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ തിരഞ്ഞെടുപ്പിനും നിയമനത്തിനും വേണ്ടി കമ്മീഷൻ മുൻകൂർ നടപടിയെടുക്കേണ്ടതാണ്.

(7) ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ മരണം അല്ലെങ്കിൽ രാജി അല്ലെങ്കിൽ നീക്കംചെയ്യൽ കാരണത്താലുണ്ടാകുന്ന ഒഴിവിന്റെ തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ കമ്മീഷൻ സാധാരണഗതിയിൽ തിരഞ്ഞെടുപ്പിന്റെയും നിയമനത്തിന്റെയും നടപടികൾ പൂർത്തിയാക്കേണ്ടതാണ്:

എന്നാൽ, ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ യാതൊരു നിയമനവും മേൽപ്പറഞ്ഞ രണ്ട് മാസത്തിനുള്ളിൽ തിരഞ്ഞെടുപ്പിന്റെയും നിയമനത്തിന്റെയും നടപടികൾ പൂർത്തിയാക്കാത്ത കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.'';

(iv) 17-ാം റഗുലേഷനു പകരം ഇനിപ്പറയുന്ന റഗുലേഷൻ ചേർക്കേണ്ടതാണ്,-

''*17. ഓംബുഡ്സ്മാന്റെ ശമ്പളവും ബത്തകളും.-* (1) ഓംബുഡ്സ്മാന് (3)-ാം ഉപറഗുലേഷനു വിധേയമായി കേരള സർക്കാരിലെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് ബാധകമായ ശമ്പളത്തിനും ബത്തകൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) കേരള സർക്കാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് ബാധകമായ ശമ്പള സ്കെയിൽ പുതുക്കുമ്പോഴെല്ലാം ഓംബുഡ്സ്മാന് പുതുക്കിയ ശമ്പള സ്കെയിലിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ഓംബുഡ്സ്മാനായി നിയമിക്കപ്പെടുന്ന ആൾ സർക്കാരിലോ മറ്റേതെങ്കിലും സ്ഥാപനത്തിലോനിന്നും പെൻഷൻ ലഭിക്കുന്ന വിരമിച്ച ഒരുദ്യോഗസ്ഥനാണെങ്കിൽ അങ്ങനെയുള്ള ആളിന് അനുവദനീയമായ ശമ്പളത്തിലും ബത്തകളിലും

നിന്നും അയാൾക്ക് ലഭിക്കുന്ന മൊത്തം പെൻഷൻതുക, ക്ഷാമാശ്വാസവും അപ്രകാരമുള്ള മറ്റു ബത്തകളും ഉൾപ്പെടെ, ഏതെങ്കിലുമുണ്ടെങ്കിൽ, കുറയ്ക്കേണ്ടതാണ്.

(4) ഓംബുഡ്സ്മാന്റെ ശമ്പളവും ബത്തകളും, ആക്റ്റിലെ 103-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിധിയിൽ നിന്നും കണ്ടെത്തേണ്ടതാണ്.";

(v) 17-ാം റഗുലേഷനു ശേഷം ഇനിപ്പറയുന്ന റഗുലേഷനുകൾ ചേർക്കേണ്ടതാണ്,-

***"17എ. അവധിയും അവധി പണമാക്കിമാറ്റലും.-*** ഓംബുഡ്സ്മാന്, കേരള സർവീസ് റൂൾസിലെ വ്യവസ്ഥകളും ഇതു സംബന്ധിച്ച് അതതുസമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും പ്രകാരം സർക്കാരുദ്യോഗസ്ഥർക്ക് അനുവദനീയമായ പ്രകാരമുള്ള അവധിക്കും ആർജ്ജിതാവധിയുടെ പണമാക്കിമാറ്റലിനും അർഹതയുണ്ടായിരിക്കുന്നതാണ്.

***"17ബി. യാത്രാബത്ത.-*** ഓംബുഡ്സ്മാന്, കേരള സർവീസ് റൂൾസിലെ വ്യവസ്ഥകളും ഇതു സംബന്ധിച്ച് അതതു സമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും പ്രകാരം കേരള സർക്കാരിലെ ക്ളാസ്സ് - I ഉദ്യോഗസ്ഥർക്ക് ബാധകമായ പ്രകാരമുള്ള യാത്രാബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

***"17സി. മെഡിക്കൽ റീഇംബേഴ്സ്മെന്റ്.-*** ഓംബുഡ്സ്മാന്, കമ്മീഷൻ നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് സ്കീമിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമനുസൃതമായി അനുവദനീയമായ പ്രകാരമുള്ള അയാളുടെ ചികിത്സാചെലവുകളുടെ റീഇംബേഴ്സ്മെന്റിന് അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, കമ്മീഷൻ അപ്രകാരമുള്ള മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നതുവരെ കേരള സർക്കാരിലെ ഉദ്യോഗസ്ഥർക്ക് ബാധകമായ പ്രകാരമുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റിന് ഓംബുഡ്സ്മാന് അർഹതയുണ്ടായിരിക്കുന്നതാണ്.".

കമ്മീഷന്റെ ഉത്തരവിൻ പ്രകാരം,

സന്തോഷ്കുമാർ.കെ.ബി,
സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെയും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസിലെ ജീവനക്കാരുടെയും ഘടന, കർത്തവ്യങ്ങൾ, ചുമതലകൾ എന്നിവ നിയന്ത്രിക്കാൻ നിലവിൽ രണ്ട് റഗുലേഷനുകളുണ്ട്, അതായത്,-

(i) 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകൾ; കൂടാതെ

(ii) 2008-ലെ കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ (സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ

2008-ലെ കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ (സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെയും അയാളുടെ ഓഫീസിലെ മറ്റു രണ്ട് സ്റ്റാഫിന്റെയും അതായത്, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെയും ഒരു അറ്റൻഡറുടെയും സേവനവ്യവസ്ഥകൾ പ്രതിപാദിക്കുന്നു. ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ മേൽപ്പറഞ്ഞ സപ്പോർട്ടിങ് സ്റ്റാഫിന്റെ സേവനവ്യവസ്ഥകളും കമ്മീഷന്റെ ഓഫീസിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകളും സമാനമായതാണെന്ന് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ, ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസിലെയും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഓഫീസിലെയും ജീവനക്കാരുടെ സേവനവ്യവസ്ഥകൾ ഒരു പൊതുവായ റഗുലേഷൻ മുഖേന ഏകീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം 2008-ലെ കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ (സേവനവ്യവസ്ഥകളും നിബന്ധനകളും) റഗുലേഷനുകൾക്ക് കീഴിൽ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനെ സംബന്ധിച്ച റഗുലേഷനുകൾ മാത്രം അവശേഷിക്കുന്നതാണ്. ആയതിനാൽ 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകളിൽ, അവയ്ക്ക് ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ തിരഞ്ഞെടുപ്പും നിയമനവും, ശമ്പളവും ബത്തകളും, അവധി, യാത്രാബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നിവ

യുമായി ബന്ധപ്പെട്ട് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുക യുണ്ടായി.

ഇലക്ട്രിസിറ്റി ആക്റ്റ് 91-ാം വകുപ്പ് (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം ആവശ്യമായ കേരള സർക്കാരിന്റെ അംഗീകാരം 18-11-2015 തീയതിയിലെ സർക്കാർ ഉത്തരവ് നം. 2780/എ1/2015/പിഡി പ്രകാരം ലഭിക്കുകയുണ്ടായി. 2015-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) ഭേദഗതി റഗുലേഷനുകളുടെ കരട്, തൽപ്പരകക്ഷികളുടെ അഭിപ്രായം നേടുന്നതിനായി 16-12-2015-ൽ കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്പോൾ കമ്മീഷൻ 2016-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) ഭേദഗതി റഗുലേഷനുകൾ അന്തിമമാക്കുകയും അവ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

(ശരിത്തർജ്ജമ)

---

**കുറിപ്പ്:** ഈ മലയാള പരിഭാഷയും 2016 ഫെബ്രുവരി 15-ാം തീയതിയിലെ 373-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2016 ഫെബ്രുവരി 10-ാം തീയതിയിലെ നം. 875/അഡ്മിൻ./2014/കെഎസ്ഇആർസി(ii) വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഇംഗ്ളീഷിലുള്ള Kerala State Electricity Regulatory Commission (Consumer Grievances Redressal Forum and Electricity Ombudsman) Amendment Regulations, 2016-ഉം തമ്മിൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് കാരണമാകുന്നപക്ഷം പരാമർശിച്ച ഇംഗ്ളീഷിലുള്ള റഗുലേഷനുകൾ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.